# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5719 — 24.05.2017 – ൽ മറുപടിക്ക്

## റേഷൻകടകളുടെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. ആർ രാമചന്ദ്രൻ : | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) | റേഷൻകടകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) റേഷൻകടകളിൽ ബയോമെട്രിക് അധിഷ്ഠിത സാങ്കേതിക വിദ്യയുടെ പിൻബലത്തിൽ റേഷൻ വിതരണം നടത്തുന്നതിന് ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ പർച്ചേസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇ-പോസ് വാങ്ങുന്നതിനായി ടെൻഡറുകൾ ക്ഷണിക്കുകയും ലഭ്യമായ ടെൻഡറുകളുടെ പരിശോധന നടന്നുവരികയുമാണ്. എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പൂർണ്ണമാകുന്നതോടെ റേഷൻ വിതരണ ശൃംഖല മുഴുവനായും കമ്പ്യൂട്ടർവൽക്കരിക്കപ്പെടും. |
| (ബി) | ഇതിനുവേണ്ടുന്ന സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) എൻ.ഐ.സി.യാണ് ഇതിനാവശ്യമായ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നത്. |
| (സി) | റേഷൻ കടകളിൽ സ്ഥാപിക്കുന്നതിന് കമ്പ്യൂട്ടറുകൾ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് ലഭ്യമാക്കുമോ; വിശദീകരിക്കുമോ; | (സി) സിവിൽ സപ്ലൈസ് വകുപ്പിനു വേണ്ടി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനാണ് (സപ്ലൈകോ) ഇ-പോസ് മെഷീനുകൾ പർച്ചേസ് ചെയ്യുന്നത്. സർക്കാരിനു വേണ്ടി സപ്ലൈകോ തന്നെയാണ് മെഷീനുകൾ വാങ്ങി റേഷൻ കടകളിൽ സ്ഥാപിക്കുന്നത്. ഇ-പോസ് മെഷീനുകൾ മൊത്തത്തിലുള്ള കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കും. |
| (ഡി) | റേഷൻ കടകളുടെ കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട് റേഷൻ കടയുടമകൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകിയിട്ടുണ്ടോ; ആയതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വിശദീകരിക്കുമോ? | (ഡി) ഇ-പോസ് മെഷീനുകൾ ഉപയോഗിക്കുന്നതിനാവശ്യമായ പരിശീലനം നൽകേണ്ടത് തെരഞ്ഞെടുക്കപ്പെടുന്ന വെണ്ടറുടെ ചുമതലയാണ്. വെണ്ടർ സെലക്ഷൻ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. |

*സെക്ഷൻ ഓഫീസർ*